"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അച്ചടക്ക നപടി പൂർത്തീകരിച്ച് പെൻഷനും ആനുകൂല്യങ്ങളും അനുവദിക്കണമെന്നാവശ്യപ്പെട്ട് വയനാട് ജില്ലയിലെ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. ബാലസുബ്രഹ്മണ്യൻ പി.കെ. സർക്കാരിൽ സമർപ്പിച്ച അപേക്ഷ - OA [EKM]നം. 1441/2025 മ്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23.09.2025ലെ വിധിന്യായം പാലിച്ച് തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.137/2026/LSGD തീയതി,തിരുവനന്തപുരം, 16-01-2026

പരാമർശം:-

1. 22/06/2022 തീയതിയിലെ PAN/15851/2021-D11(DP) നമ്പർ കുറ്റാരോപണ മെമ്മോ/കുറ്റാരോപണ പത്രിക.
2. സ.ഉ.(പി) നം. 82/2022/ധന. തീയതി 14.07.2022.
3. ശ്രീ. ബാലസുബ്രഹ്മണ്യൻ 02/09/2025 തീയതിയിൽ സർക്കാരിൽ സമർപ്പിച്ച അപേക്ഷ.
4. OA [EKM] 1441/2025- നുമേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23.09.2025 ലെ ഉത്തരവ്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03/11/2025 ലെ LSGD/PD/9785/2023- VIGE1 നമ്പർ കത്ത്
6. 11-11-2025 തീയതിയിലെ EPB3/190/2025-LSGD നമ്പർ സർക്കാർ കത്ത്.
7. 18-12-2025 തീയതിയിലെ EPB3/182/2025-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
8. തദ്ദേശ സ്വയംഭരണ വകുപ്പ് വയനാട് ജോയിന്റ് ഡയറക്ടറുടെ 19.12.2025-ലെ LSGD/JD/WYD/1643/2025-B5 നമ്പർ കത്ത്.
9. ശ്രീ. ബാലസുബ്രഹ്മണ്യൻ പി.കെ. വയനാട് ജോയിന്റ് ഡയറക്ടർ മുഖേന സമർപ്പിച്ച 08.01.2026-ലെ എതിർവാദ പത്രിക.

**ഉത്തരവ്**

വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്ത് ഓഫീസിൽ ശ്രീ. കെ. ജെ. ജോസഫ് ക്ലാർക്കായി ജോലി ചെയ്തു വരികെ 10.11.2006 ന് ശ്രീ. ഷാജി തൊട്ടിയിൽ എന്നയാളുടെ പക്കൽ നിന്നും കൈക്കൂലി വാങ്ങുന്നതിനിടയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അറസ്റ്റ് ചെയ്ത്

കേസ് രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് വിജിലൻസ് കോടതി ടിയാൻ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും രണ്ട് വർഷം കഠിന തടവും 5,000/- രൂപ പിഴയും വിധിക്കുകയുണ്ടായി. ക്രിമിനൽ കേസിൽ ശിക്ഷിച്ചതിനാൽ ടിയാനെതിരെ അച്ചടക്കനടപടി ആരംഭിക്കുകയും സസ്പെൻഷനിൽ തുടർന്നിരുന്ന ടിയാനെ 24.06.2013 തീയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുകയും ചെയ്തു. എന്നാൽ, ടിയാൾക്ക് 2021 ആഗസ്റ്റ് മാസം വരെ ഉപജീവനബത്ത അനുവദിച്ച് നൽകിയിരുന്നതിനാൽ ആയതിന് കാരണക്കാരായ ഗ്രാമപഞ്ചായത്തിലേയും വയനാട് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലേയും ജീവനക്കാർക്കെതിരെ KCS (CC&A) Rules പ്രകാരം വകുപ്പുതലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

2. മേൽ ജീവനക്കാരിൽ കുറ്റാരോപണ വിധേയനായ, ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. ബാലസുബ്രഹ്മണ്യൻ പി.കെ.-ക്കെതിരെ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കുറ്റാരോപണ പത്രിക നൽകി പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ വകുപ്പു തലത്തിൽ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റാരോപണ പത്രികയ്ക്ക് ശ്രീ. പി.കെ. ബാലസുബ്രഹ്മണ്യൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് പ്രകാരം ശ്രീ. കെ.ജെ. ജോസഫിനെ സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഫയലിൽ ഉണ്ടായിരുന്നിട്ടും ആയത് വിശദമായി പരിശോധിക്കാതെയും ആവശ്യമായ കുറിപ്പുകൾ രേഖപ്പെടുത്താതെയും ടി ഉത്തരവ് പഞ്ചായത്തുകളുടെ ശ്രദ്ധയിൽ കൊണ്ടുവരാതിരുന്നതിൽ കുറ്റകരമായ അനാസ്ഥ സംഭവിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

3. ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ, അച്ചടക്കനടപടി കൈകാര്യം ചെയ്തുവരുന്ന സെക്ഷന്റെ മേൽനോട്ടച്ചുമതലയുള്ള ജൂനിയർ സൂപ്രണ്ടെന്ന നിലയിൽ ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്തതിൽ ശ്രീ.പി.കെ.ബാല സുബ്രഹ്മണ്യൻ-ന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിൽ സംഭവിച്ച വീഴ്ച കാരണം, ശ്രീ. കെ.ജെ. ജോസഫ്-ന് തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ നിന്നും 2021 ആഗസ്റ്റ് മാസം വരെ ഉപജീവനബത്ത നൽകിയ സാഹചര്യമുണ്ടാകുകയും ആയത് തിരുനെല്ലി ഗ്രാമപഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടമുണ്ടാകുന്നതിന് ഇടവരികയും അതുമായി ബന്ധപ്പെട്ട വയനാട് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫിസിലെ ഫയൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിൽ സൂപ്പർവൈസറി ഉദ്യോഗസ്ഥനെന്ന നിലയിൽ, ശ്രീ. പി.കെ.ബാലസുബ്രഹ്മണ്യന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തിരുന്നു.

4. കെ.സി.എസ് (സിസി&എ) റൂൾസ്, 1960-ലെ ചട്ടം 15 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷകനായ ശ്രീ. ബാലസുബ്രഹ്മണ്യൻ പി.കെ.-ക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവെങ്കിലും, മുൻ ക്ലാർക്ക് ശ്രീ.കെ. ജെ. ജോസഫ്, അനധികൃതമായി കൈപ്പറ്റിയ തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നത് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തതിനാൽ നടപടികൾ അന്തിമമാക്കുവാൻ സാധിച്ചിരുന്നില്ല. ബഹു.ഹൈക്കോടതിയുടെ പ്രസ്തുത സ്റ്റേ വെക്കേറ്റ്

ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അച്ചടക്കനടപടി തുടർന്നുവരവേ 31.08.2025 തീയതിയിൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ കെ.എസ് ആർ പാർട്ട് III പ്രകാരം ടിയാനെതിരെ കർശനനടപടി സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

5. പ്രിൻസിപ്പൽ ഡയറക്ടർ വകുപ്പുതലത്തിൽ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കാത്തതിനാൽ പെൻഷൻ ക്ലിയറൻസ് ലഭിച്ചിട്ടില്ല എന്നും ആയതിനാൽ തനിക്കെതിരെ തുടർന്നുവരുന്ന അച്ചടക്ക നടപടി എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. ബാലസുബ്രഹ്മണ്യൻ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

6. മേൽ പരാമർശ ആവശ്യവുമായി ബന്ധപ്പെട്ട് ശ്രീ. ബാലസുബ്രഹ്മണ്യൻ ഫയൽ ചെയ്തിരുന്ന OA[EKM] നം.1441/2025-നുമേലുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23/09/2025 ലെ ഉത്തരവിൽ, ടി ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ, നിയമപ്രകാരം, ടിയാൻ സർക്കാരിൽ പരാമർശം (3) പ്രകാരം സമർപ്പിച്ച Annexure-A4 അപേക്ഷ പരിഗണിച്ച് ഉത്തരവാകാൻ നിർദ്ദേശിച്ചിരുന്നു.

7. പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം, KCS (CCA) Rules പ്രകാരം കഠിന ശിക്ഷയ്ക്കായി ആരംഭിച്ച വകുപ്പുതല നടപടികൾ അന്തിമമാക്കുന്നതിന് മുമ്പ് കുറ്റാരോപിതനായ ജീവനക്കാരൻ വിരമിക്കുന്ന സാഹചര്യത്തിൽ, സർക്കാർ തലത്തിൽ KSR പാർട്ട് III റൂൾ 3(a) പ്രകാരം നടപടികൾ തുടരേണ്ടതാണ്. പ്രസ്തുത ചട്ട പ്രകാരമുള്ള അച്ചടക്ക നടപടിയിൽ, ആദ്യം കുറ്റാരോപിതനെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതുണ്ട്. ആയതിന്മേൽ കുറ്റാരോപിതൻ സമർപ്പിക്കുന്ന പ്രതിവാദ പത്രികയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്ന് അഭിപ്രായം ലഭ്യമാക്കി പരിശോധിച്ചതിനുശേഷം പരാമർശ വിഷയത്തിന്മേൽ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതന് തന്റെ വാദം ബോധിപ്പിക്കുന്നതിന് നേരിൽ കേൾക്കാൻ അവസരം നൽകേണ്ടതാണ്. തുടർന്ന് ടിയാനെതിരെ കാരണം കാണിക്കൽ നോട്ടീസിലെ ശിക്ഷ സ്ഥിരപ്പെടുത്തുന്നതിന് മുമ്പ് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശവും തേടേണ്ടതുണ്ട്. ആയത് ലഭ്യമായതിനുശേഷം മാത്രമേ മേൽ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടി അന്തിമമാക്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ.

8. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം(5) -ലെ ശിപാർശ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. ബാലസുബ്രഹ്മണ്യനെതിരെ KSR Part III Rule 3(a) പ്രകാരം സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതാണ്. ടി ചട്ടത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം(7) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നല്കിയിട്ടുള്ളതും ആയതിന് പരാമർശം (9) പ്രകാരം ടിയാൻ എതിർവാദ പത്രിക സമർപ്പിച്ചിട്ടുള്ളതുമാണ്. ടി എതിർവാദ പത്രികയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് ലഭ്യമാകേണ്ടതുണ്ട്. അതിനുശേഷം മാത്രമേ മേൽ ഖണ്ഡിക 7-ൽ പ്രതിപാദിച്ചതുപ്രകാരമുള്ള നടപടിക്രമങ്ങൾ തുടരനാകുകയുള്ളൂ.

9. മേൽ സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം(5) ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടിയാനെതിരെ KSR പാർട്ട് III റൂൾ 3(a) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി, ടി ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നതാണെന്നും, മേൽ ചട്ടപ്രകാരം അച്ചടക്ക നടപടി അന്തിമമാക്കുന്നതുവരെ താൽക്കാലിക പെൻഷന് മാത്രമേ അർഹതയുള്ളൂ എന്നും ടിയാന് താൽക്കാലിക പെൻഷൻ അനുവദിച്ച് നല്കുന്നതിന് മാനന്തവാടി സബ് ട്രഷറി ഓഫീസർക്ക് പരാമർശം (8) പ്രകാരം വയനാട് ജോയിന്റ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമുള്ള വിവരവും അറിയിച്ചുകൊണ്ട്, ശ്രീ. ബാലസുബ്രഹ്മണ്യന്റെ പരാമർശം (3) ലെ Annexure-A4 അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

10. OA [EKM] 1141/2025 നമ്പറുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ. ബാലസുബ്രഹ്മണ്യൻ പി.കെ, മുൻ സെക്രട്ടറി എടവണ്ണ ഗ്രാമപഞ്ചായത്ത്, വയനാട്. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
2. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (*ആമുഖ കത്ത് സഹിതം*).
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, വയനാട്.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി3/190/2025/-തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 16-01-2026 13:10:20

സെക്ഷൻ ഓഫീസർ